**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: T 5816

02.07.2014-ലെ മറുപടിയ്ക്ക്

## ഇക്കോടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.പാലോട് രവി | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഇക്കോടൂറിസം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) പ്രകൃതിയിൽ അധിഷ്ടിതവും പാരിസ്ഥിതികമായി സുസ്ഥിരവും, വിദ്യാഭ്യാസവും വ്യാഖ്യാനവും പ്രധാന ഘടകമായതും തദ്ദേശീയർക്ക് ഗുണ പ്രദമായതുമായ പ്രകൃതി സൗഹൃദ വുമായ വിനോദസഞ്ചാരവുമാണ് ഇക്കോ ടൂറിസം. ചുരുങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യവും, ആവാസ വ്യവസ്ഥ യ്ക്കുമേൽ കുറഞ്ഞ അളവിലുള്ള സമ്മർദ്ദവും ഇക്കോ ടൂറിസത്തെ പൊതു ടൂറിസത്തിൽ നിന്നും ഭിന്നമാക്കുന്നു. തദ്ദേശീയർക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രകൃതി സമ്പത്ത് സംരക്ഷിച്ചുകൊണ്ടുതന്നെ സാമ്പത്തിക നേട്ടങ്ങൾ കൈവരിക്കുക എന്നതാണ് ഇക്കോടൂറിസം കൊണ്ട് ഉദ്ദേശിക്കുന്നത്. സാധാരണ ടൂറിസത്തെ അപേക്ഷിച്ച് ഇക്കോ ടൂറിസത്തിന് വളരെ കുറച്ച് അടിസ്ഥാന സൗകര്യങ്ങൾ മതി. ഈ സൗകര്യങ്ങൾ പരിസരവുമായി ഇണങ്ങുന്നവയു മായിരിക്കണം. ഇക്കോ ടൂറിസം മേഖല പരിസരസംരക്ഷണം ശാസ്ത്രീയമായി ഉറപ്പുവരുത്തുകയും അതുവഴി ടൂറിസത്തിന്റെ അനഭിലഷണീയമായ |

പാർശ്വഫലങ്ങൾ ഇല്ലാതാക്കുകയും ചെയ്യും. ഓരോ സ്ഥലത്തിനും അതിന്റേതായ ഓരോ പ്രത്യേകത യുണ്ട്. ഈ പ്രത്യേകതകളും ഈ സ്ഥലങ്ങളുടെ സംരക്ഷണം ഉറപ്പു വരുത്തേണ്ട ആവശ്യകതയും വിനോദ സഞ്ചാരികളെ ബോധ്യപ്പെടുത്തുക യെന്നത് ഇക്കോടൂറിസം പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇക്കോടൂറിസം വെറുമൊരു വിനോദ ത്തിന് മാത്രമുള്ള ഉപാധിയല്ല. സന്ദർശിക്കുന്ന സ്ഥലത്തെക്കുറിച്ച് ശാസ്ത്രീയമായ അറിവ് പകരുന്ന തിനുള്ള ഒരു വേദികൂടിയാണിത്. അതിനാൽ സാധാരണ ടൂറിസത്തിൽ നിന്നും വ്യത്യസ്ഥമായി ആരോഗ്യ കരമായ ഒരു നൂതന ടൂറിസം സംസ്കാരം വളർത്തിയെടുക്കാനാണ് ഇക്കോ ടൂറിസം പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) വനങ്ങളിലും സംരക്ഷിത പ്രദേശങ്ങളിലും പദ്ധതിയുടെ ഭാഗമായുള്ള സംയുക്ത വനപരിപാലനത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇക്കോടൂറിസം വനപ്രദേശങ്ങളിൽ നടപ്പിലാക്കുമ്പോഴുള്ള പ്രധാന ലക്ഷ്യം ജൈവവൈവിധ്യം സംരക്ഷിച്ചുകൊണ്ട് തന്നെ സഞ്ചാരികൾക്ക് സൗകര്യങ്ങൾ നൽകുക എന്നതാണ്. എത്രപേരെ, ഏതു സമയങ്ങളിൽ, എത്രതോതിൽ നിശ്ചിത വനപ്രദേശത്ത് കൊണ്ടു പോകുവാൻ സാധിക്കുമെന്ന് നിശ്ചയി ക്കുന്ന വാഹകശേഷി, പ്രകൃതി ആഘാതപഠനം എന്നതെല്ലാം ശാസ്ത്രീയമായി കണക്കാക്കിയാണ് വനപ്രദേശങ്ങളിൽ ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത്. ഇത്തരം സ്ഥലങ്ങളിൽ തദ്ദേശവാസികളെയും വനാശ്രിത കുടുംബങ്ങളെയും

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി വനസംരക്ഷണ സമിതികൾക്കും ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾക്കും രൂപം നൽകി അവരുടെ പങ്കാളിത്തത്തോടുകൂടി വനവും, പുഴയും സംരക്ഷിക്കുവാനുള്ള ഉപാധി കണ്ടെത്തി നടപ്പിലാക്കി വരുന്നു. സഞ്ചാരികളുടെ അമിത പ്രവാഹം മൂലം വനത്തിനും നദിക്കുമുണ്ടാകുന്ന പ്രശ്നങ്ങളും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും സഞ്ചാരികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കുവാൻ ഇക്കോ ടൂറിസം സഹായകരമായിട്ടുണ്ട്. വന പരിപാലനത്തിൽ ഒരുകോട്ടവും തട്ടാത്ത വിധത്തിലാണ് ഇക്കോ ടൂറിസംപദ്ധതികളുടെ നടത്തിപ്പ്. |
| (സി) | ഏതെല്ലാം ഏജൻസികൾ വഴിയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്? | (സി) | വനംവകുപ്പ്, കെ.എഫ്.ഡി,സി, തെന്മല ഇക്കോടൂറിസം പ്രമോഷൻ സൊസൈറ്റി, ഡി.റ്റി.പി.സി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴിയാണ് ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ